മുതൽ കേരളം ലോകത്തിനുതന്നെ മാതൃകയാണ്. സാമൂഹ്യസുരക്ഷാ പദ്ധതികളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ഇല്ലാതാക്കാൻ പ്രിയപ്പെട്ട മാണിസാർ കൂട്ടുനിൽക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സാമൂഹ്യസുരക്ഷാ പദ്ധതികൾ ഏറ്റവും നല്ല രൂപത്തിൽ കൊണ്ടുവരാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തണം. സമൂഹത്തിൽ സ്ത്രീകളുടെ പദവി എത്രത്തോളം ഉയർന്നുനിൽക്കുന്നുവോ അത്രമാത്രം സാമ്പത്തിക സ്വാതന്ത്ര്യവും സമൂഹം അവർക്ക് അനുവദിക്കുന്നു. അതൊക്കെ ഒരു സമൂഹത്തിന്റെ വളർച്ചയുടെ ലക്ഷണമാണ്. സ്ത്രീയെ ഉപഭോഗവസ്തുവായിക്കാണുന്ന ഒരു സംസ്കാരത്തിലേക്ക് സമൂഹം ഇന്ന് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സ്ത്രീകളുടെ ആത്മഹത്യാനിരക്ക്, അതുപോലെ കുടുംബങ്ങളിൽനിന്ന് നിഷ്ക്കാസിതരാകുന്ന സ്ത്രീകളുടെ എണ്ണം, സ്ത്രീകളായാലും കുഞ്ഞുങ്ങളായാലും വൃദ്ധരായാലും അവർക്കെതിരെ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ ഇതെല്ലാം വർദ്ധിച്ചുവരികയാണ്. സമൂഹത്തിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന സങ്കീർണ്ണങ്ങളായ വിവിധ പ്രശ്നങ്ങളുണ്ട്. ഇന്നുള്ള പുത്തൻ സാമ്പത്തിക വ്യവസ്ഥ ഏറ്റവും ശക്തമായി മുന്നോട്ടുപോകുമ്പോൾ സ്ത്രീ 'ചരക്ക്' എന്നുള്ള രൂപത്തിലായിമാറുന്ന ഒരവസ്ഥയുണ്ട്. ഈ നയങ്ങൾക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്തിയാൽ സ്ത്രീകളെ സമൂഹത്തിന്റെ പകുതി ഭാഗമാക്കിമാറ്റാനും വ്യക്തമായ സ്വാതന്ത്ര്യം കൊടുക്കുന്ന ഒരവസ്ഥയുണ്ടാക്കിയെടുക്കാനും സാധിക്കും. സാമൂഹ്യ-സാമ്പത്തിക സുരക്ഷ എന്നിവ ഉൾപ്പെടുത്തി ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സ്ത്രീസമൂഹത്തിനും ദുർബ്ബല ജനവിഭാഗങ്ങൾക്കായും നേടിയെടുത്ത നേട്ടങ്ങളെയാകെ നഷ്ടപ്പെടുത്തുന്ന രൂപത്തിലേക്ക് ഈ ഗവൺമെന്റ് പോകുന്നതുകൊണ്ട് അതിനുവേണ്ടി പണം അനുവദിക്കേണ്ടതില്ല. അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി എതിർക്കുകയാണ്.

IX. അറിയിപ്പ്

നിയമസഭാ ചട്ടം താത്കാലികമായി വേവ് ചെയ്യൽ

മി. ചെയർമാൻ: സഭയുടെ ശ്രദ്ധയിലേക്ക്, നിയമസഭാ നടപടിചട്ടം 153 (2) അനുസരിച്ച് ധനവിനിയോഗ ബിൽ 1.30-ന് വോട്ടിനിടണം. ഇനിയും നിരവധിയാളുകൾ സംസാരിക്കാനുണ്ട്. ചർച്ച പൂർത്തിയാകാത്ത സാഹചര്യത്തിൽ പ്രസ്തുത ചട്ടം താല്ക്കാലികമായി സഭയുടെ അനുമതിയോടെ ഇളവ് ചെയ്യുന്നു. വേവ് ചെയ്യുന്നതായി അറിയിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ]

നിയമനിർമ്മാണകാര്യം (തുടർച്ച)

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ പിന്താങ്ങുകയാണ്. അഞ്ചുവർഷക്കാലം കേരളം ഭരിച്ച ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിലെ വികസന കാര്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, അടുത്തകാലത്ത് അന്തരിച്ച വളരെ പ്രശസ്തനായ എഴുത്തുകാരൻ ഗബ്രിയേൽ മർക്കേസിന്റെ കഥകളിലൂടെ, ഒരു മാജിക്കൽ റിയലിസത്തിന്റെ കാഴ്ചപ്പാടിലൂടെ കടന്നുപോയ ഓർമ്മയാണ് വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly